# ഐ.ഓ.സി കോൺട്രാക്റ്റർ ചമഞ്ഞ് ലക്ഷങ്ങൾ തട്ടിയെടുത്തയാളെ ഷാഡോ പോലീസ് അറസ്റ്റ് ചെയ്തു

ഇൻഡ്യൽ ഓയിൽ കോർപ്പറേഷൻ കോൺട്രാക്റ്റർ ആണെന്ന് പറഞ്ഞ് നിരവധി ആളുകളിൽ നിന്നും ലക്ഷങ്ങൾ തട്ടിയെടുത്ത ആളെ റൂറൽ ജില്ല പോലീസ് മേധാവി ശ്രീ. എ.വി ജോർജ്ജ്.ഐ.പി.എസ്-ൻെറ സ്പെഷ്യൽ ഷാഡോ പോലീസ് അറസ്റ്റ് ചെയ്തു.

തമിഴ്നാട് കോയമ്പത്തൂർ രാമനാഥപുരം പോസ്റ്റിൽ മുനിസ്വാമി നഗറിൽ ഡോർ നമ്പർ-20 ൽ ജോസഫ് മകൻ 50 വയസ്സുള്ള ഫ്രാൻസിസ് സേവ്യർ എന്നയാളെയാണ് അറസ്റ്റ് ചെയ്തത്. ഇൻഡ്യൽ ഓയിൽ കോർപ്പറേഷൻെറ ക്യാൻറീൻ ലൈസൻസ് ശരിയാക്കിത്തരാമെന്ന് പറഞ്ഞ് കബളിപ്പിച്ച് ആലുവ സ്വദേശിയിൽ നിന്നും ഒരു ലക്ഷം തട്ടിയെടുത്ത കേസിൻെറ അന്വേഷണത്തിലാണ് പ്രതി വലയിലായത്.

പ്രതിയുടെ പക്കൽ നിന്നും നിരവധി വ്യാജ സീലുകളും വ്യാജ ലെറ്റർ ഹെഡുകളും കണ്ടെടുത്തു. എറണാകുളം റൂറൽ ജില്ലയിലെ ആലുവ, നെടുമ്പാശ്ശേരി എന്നീ പോലീസ് സ്റ്റേഷനുകളിലും കൊച്ചി സിറ്റി, തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിലും സമാന തട്ടിപ്പുകൾ നടത്തിയതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്.

പ്രതി ഇൻഡ്യൽ ഓയിൽ കോർപ്പറേഷനിലെ കോൺട്രാക്റ്ററാണെന്നും കമ്പനിയിൽ നിന്നും പലവിധ ഏജൻസികളും വർക്കുകളും തരപ്പെടുത്തി കൊടുക്കാമെന്നും മറ്റും പറഞ്ഞാണ് തട്ടിപ്പ് നടത്തിയിരുന്നത്.

റൂറൽ ജില്ലാ പോലീസ് മേധാവിയ്ക്ക് ലഭിച്ച രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ. വി.സുനിൽകുമാർ, നാർകോട്ടിക് ഡി.വൈ.എസ്.പി ശ്രീ. സനൽകുമാർ നിർദ്ദേശ പ്രകാരം നടത്തിയ റെയ്ഡിലാണ് പ്രതിയെ സ്പെഷ്യൽ ഷാഡോ പോലീസ് ടീം പിടികൂടിയത്.

സ്പെഷ്യൽ ഷാഡോ പോലീസ് ടീമിൽ എ.എസ്.ഐമാരായ ജോയ്, സജീവ് ചന്ദ്രൻ, പോലീസുകാരായ രാജേഷ്, ശ്യാംകുമാർ എന്നിവരാണുണ്ടായിരുന്നത്

പ്രതി ഇനിയും ഇത്തരത്തിൽ കൂടുതൽ തട്ടിപ്പുകൾ നടത്തിയിട്ടുണ്ടെന്ന് പോലീസ് സംശയിക്കുന്നു. പ്രതിക്കെതിരെ ആലുവ ഈസ്റ്റ് പോലീസ് കൂടുതൽ അന്വേഷണം നടത്തിവരുന്നു.

